# A MESSAGE TO THE TRUTH
# ഒരു സാൻമാർഗ്ഗിക സന്ദേശം



**“അല്ലാഹു പ്രവാചകൻമാരോട് കരാർ വാങ്ങിയ അവസരം ഓർക്കുക. ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ ( സന്ദേശത്തെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നപക്ഷം തീർച്ചയായും നിങ്ങൾ അദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് (എന്ന് പറഞ്ഞു കൊണ്ട്) അവൻ ചോദിച്ചു നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു (അതെ) ഞങ്ങൾ സമ്മതിച്ചു. അല്ലാഹു പറഞ്ഞു നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽ പെട്ടവനാണ് ”(3.82)**

**“നാം പ്രവാചകൻമാരിൽ നിന്ന് അവരുടെ കരാർ വാങ്ങിയ അവസരം (സ്മരിക്കുക) നിന്നിൽ നിന്നും നൂഹ്, ഇബ്രാഹീം, ഈസബ്നുമർയം എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം) ദൃഢമായൊരുകരാറാണ് നാം അവരിൽ നിന്ന് വാങ്ങിയത്” (33 8)**

ഹസ്റത്ത് നബി (സ) തിരുമേനിയിൽ നിന്നും വാങ്ങിയ പ്രസ്തുത കരാർ ആ മഹാത്മാവിന്റെ സമുദായത്തെ നവീകരിക്കുവനായി ഓരോ ശതകത്തിന്റെയും നാന്ദിയിൽ അവതീർണ്ണരാകുന്ന പരിഷ്കർത്താക്കളെ സംബന്ധിച്ചിട്ടുള്ളതാണ്. അത് കക്ഷിഭേദ-അഭിപ്രായ വ്യത്യാസമന്യെ സമസ്ത ഇസ്ലാമിക വിഭാഗങ്ങളും ഐക്യനിബിഡമായി അംഗീകരിക്കുന്ന ഒരു പരമാർത്ഥമാണ്. എന്തെന്നാൽ ഉപര്യുക്ത ഖുർ ആൻ വചനങ്ങൾക്കൊരു വിശദീകരണമെന്നോണം പ്രവാചകർ (സ) തിരുമേനി ഇപ്രകാരം അരുൾ ചെയ്തിരുന്നു.

**“ഈ സമുദായത്തിന്റെ പരിഷ്കരണത്തിനായി ഓരോ നൂറ്റാണ്ടിന്റെയും തുടക്കത്തിൽ അല്ലാഹു ഒരോ പരിഷ്കർത്താക്കളെ നിയോഗിക്കുന്നതായിരിക്കും (അബുദാവൂദ്)”**

പ്രിയ സഹോദരങ്ങളെ ഹിജ്റ 15-ാം നൂറ്റാണ്ടിലൂടെയാണ് നമ്മുടെ ജീവിതപ്രയാണം നീങ്ങിക്കൊിരിക്കുന്നത്. മേൽ ഉദ്ധരിച്ചിട്ടുള്ള ഖുർ ആൻ വചനങ്ങളുടെ അടിസ്ഥാനത്തിലും തിരുനബി മൊഴിയുടെ വെളിച്ചത്തിലും ഇസ്ലാമത പവിത്രീകരണാർത്ഥം അല്ലാഹു 1-ാം നൂറ്റാണ്ടുമുതൽ ഓരോ നൂറ്റാണ്ടിന്റെയും ആരംഭത്തിൽ ഓരോ മുജദ്ദിദുമാരെ നിയോഗിച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നു.

1-ാം നൂറ്റിൽ ഉമറുബ്നുൽ അബ്ദുൽ അസീസും
2-ാം നൂറ്റിൽ ഖാത്തമുൽ ഔലിയാ ഇമാം ശാഫിയും
3-ാം നൂറ്റിൽ ഇമാം അബുൽഹസ്സൽ അശ്അരിയും
4-ാം നൂറ്റിൽ ഇമാം അബു ഉബൈദുല്ലാ നിശാപൂരിയും
5-ാം നൂറ്റിൽ ഇമാം മുഹമ്മദിബ്നു ഗസ്സാലിയും
6-ാം നൂറ്റിൽ ഹസ്റത്ത് അബ്ദുൽ ഖാദിർ ജീലാനിലും
7-ാം നൂറ്റിൽ ഇമാം ഖാജാമുഈനുദ്ദീൻ ചിശ്തിയും
8-ാം നൂറ്റിൽ ഇമാം ഹാഫിസ്ബ്നു ഹജറുൽ അസ്കലാനിയും,
9-ാം നൂറ്റിൽ ഇമാം ജലാലുസ്സുയൂത്തിയും,

10-ാം നൂറ്റാിൽ ഇമാം മുഹമ്മദ് ത്വാഹിർ ഗുജറാത്തിയും,

11-ാം നൂറ്റാിൽ ഇമാം അൽഫസാനി അഹ്മദ് സർഹിന്ദിയും,

12-ാം നൂറ്റിൽ ഇമാം ശാഹ്‌വലിയുല്ലാഹി ദഹ്‌ലവിയും,

13-ാം നൂറ്റാിൽ ഇമാം അഹ്മദുൽ ബറേൽവിയും,

14-ാം നൂറ്റാിൽ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് അലൈഹിസ്സലാമും ആഗതരായ പവിത്രമായ ദീനുൽ ഇസ്‌ലാമിൽ ഈ 15-ാം നൂറ്റാണ്ടിലും ഒരു ദൈവനിയോഗിതന്റെ ആവശ്യകത അനിവാര്യമല്ലെ? അല്ലാഹു അവന്റെ ദൂതൻ (സ) മുഖേന മാനവരാശിക്ക് നൽകിയ വാഗ്ദാനം ലംഘിച്ചു എന്നു കരുതുന്നത് ഒരു യഥാർത്ഥ മുസ്‌ലീമിന് ഭൂഷണമാണോ? ഒരിക്കലുമല്ല. കാരണം ആകാശത്തിൽ കാണുന്ന സൂര്യ- ചന്ദ്ര-നക്ഷത്രങ്ങളും മറ്റു ദൃശ്യവും അദൃശ്യവുമായി നിലകൊള്ളുന്ന ഗോളസമൂഹമഖിലവും ഛിന്നഭിന്നമാക്കപ്പെട്ടാലും ശരി. അതിരൂക്ഷമായ, ഭൂകമ്പങ്ങളാലും പ്രളയാഗ്നിയാലും ഭൂമിയിൽ സർവ്വചരാചരങ്ങളും കത്തികരിഞ്ഞ് അവയുടെ ഭൗതികാവശിഷ്ടങ്ങൾ പോലും അവശേഷിക്കാതെ വന്നാലു ശരി, അനന്തവിശാലമായ പ്രപഞ്ചത്തിന്റെ ഗതിവിഗതിയും വർത്തന - പ്രതിവർത്തനവും ഗംഭീരമായ മാറ്റത്തിനും മന്ദതയ്ക്കും വിധേയമായി അത് അപ്രത്യക്ഷമായി തീർന്നാലും ശരി, ആശ്രയ അവലംബ രഹിതം സർവ്വ ലോകങ്ങളെയും വിസ്മയകരമായി പടച്ച് അതിൽ പാവനവും പരിശുദ്ധവുമായ ഭരണം നടത്തുന്ന പടച്ചോന്റെ വാഗ്ദാനം അവൻ പറഞ്ഞതുകണക്കെതന്നെ പരിപൂർണ്ണമായും ഫലിക്കും എന്നതിൽ ആർക്കും ആശങ്കവേ.

ബഹുമാന്യരെ,

അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഈ പതിനഞ്ചാം നൂറ്റാണ്ടിലും ഒരു ദൈവദൂതൻ ആഗതനായിരിക്കുന്ന വിവരത്തെ സസന്തോഷം തെര്യപ്പെടുത്തട്ടെ. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ മൗറിഷ്യസ് രാജ്യത്തിൽ നിന്നുള്ള ഹസ്റത്ത് മുനീർ അഹ്മദ് അസീം സാഹിബാണ് ആ ദൈവ നിയോഗിതൻ.

ആ മഹാത്മാവ് ലോക ജനതകളെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറയുന്നു.

**“എനിക്കു പണമേ പദവിയോ ആവശ്യമില്ല. മനുഷ്യരാശിക്ക് മുന്നറിയിപ്പ് നൽകുവനായി അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നു. ഞാൻ അവന്റെ സന്ദേശത്തെ എത്തിക്കുന്നു എന്നു മാത്രം. നിങ്ങൾ അത് സ്വീകരിച്ചാൽ ഐഹികജീവിതത്തിലും മരണാനന്തര ജീവിതത്തിലും നിങ്ങൾക്ക് തൃപ്തിയും സമാധാനവും ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ ഈ വാക്കു ലംഘിച്ചാൽ നിങ്ങൾക്കും എനിക്കും ഇടയിൽ അല്ലാഹു മതിയായവനാണ്. ഇന്ന് മുതൽ ഞാൻ ഈ നൂറ്റാണ്ടിലെ മുഹ്‌യിദ്ദീൻ ആണെന്ന് അല്ലാഹുവിനെ സാക്ഷി നിർത്തി സത്യം ചെയ്യുന്നു”.**

ദൈവ നിയോഗിതനായ ഇമാമിനെ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുക എന്നത് വിശുദ്ധ ഖുർആൻ വചനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മുസ്‌ലീമിന്റെയും അനിഷേധ്യമായ കർത്തവ്യമാണ്. ദൈവ കല്പനയെ തുടർന്ന് ആ മഹാത്മാവിന്റെ കരങ്ങളാൽ രൂപകല്പന ചെയ്യപ്പെട്ട ഒരു ദിവ്യ പ്രസ്ഥാനമാണ് ജമ-അത്തുസ്സഹീഹിൽ ഇസ്‌ലാം ഇൻറർനാഷണൽ. സത്യാന്വേഷികൾ ബന്ധപ്പെടുക.

Issued by R. Jamaludin Raother Amir
Jamaat UI-SahihAl Islam, Kerala (Regd) India.
Email: jamal.raother@gmail.com
Web:www.jamaat-ul-sahih-al-islam.com

Prepared by
Azim Ahmad
Sadr Sahibul Faraj
Kerala/ TamilNadu

Phone: 09789180817 , 09500762588, 09791691819,09447001832